എൽ.പി

കൂട

കളികൾ



# പ്രവർത്തനം 1

## പുതിയ ചീട്ടുകളി

50 കാർഡുകൾ *(പേപ്പർ കഷണങ്ങൾ ആയാലും മതി.)* വ്യത്യസ്തങ്ങളായ 50 വസ്തുക്കളുടെ പേര് ഇതിൽ എഴുതണം. ഇതിൽ ജീവൻ ഉള്ളത്, ഇല്ലാത്തത് , ജന്തുക്കൾ, സസ്യങ്ങൾ, പറവകൾ, ഉരഗങ്ങൾ, മനുഷ്യ നിർമിത വസ്തുക്കൾ, പഴങ്ങൾ, പച്ചക്കറികൾ തുടങ്ങി എല്ലാം ഉൾപ്പെടണം. കുട്ടിക്ക് പരിചിതമായവ ആയിരിക്കണം.

*(മൈന, ആന, പശു, അണ്ണാൻ, പുല്ല്, ചെമ്പരത്തി, നെല്ല്, കല്ല്, പാവൽ, വിമാനം, കാക്ക, സിംഹം, ആട്, ചോറ്, മുക്കുറ്റി, റോസ, മുളക്,*

ഈ പ്രവർത്തനത്തിന്റെ
വിശദീകരണ വീഡിയോ കാണാം





# എൽ.പി

## കൂട
### കളികൾ



# പ്രവർത്തനം 1

*തടി, പടവലം, ഫ്രിഡ്ജ്, പരുന്ത്, കരടി, കുതിര, ഓന്ത്, തുളസി, മുല്ല, തെങ്ങ്, വെള്ളം, മുന്തിരി, മോട്ടോർ, കോഴി, ജിറാഫ്, ദോശ, പാമ്പ്, കസേര, പേന, മാവ്, വായു, ഗ്ലാസ്, ചാണകം, ഓറഞ്ച്, ചപ്പാത്തി, പൂച്ച, അട്ട, മേശ, തവി, പേര, മണ്ണ്, പേപ്പർ, കമ്പ്യൂട്ടർ* – 50 വസ്തുക്കളുടെ പേര് . ഇത് തന്നെ വേണമെന്നില്ല. വ്യത്യസ്തമായ എന്തും ആകാം.)

ചീട്ടുകളിൽ എഴുതിയിരിക്കുന്നത് കാണാത്ത വിധം കമഴ്ത്തി വച്ചിരിക്കുന്നു. ഒരാൾ ഒന്ന് മലർത്തി വക്കുമ്പോൾ കളി ആരംഭിക്കുന്നു. അടുത്തയാൾ മലർത്തുന്നത് ആദ്യം വച്ചതിന് തൊട്ടു വക്കണമെങ്കിൽ രണ്ടിന്റേയും സാമ്യം പറയണം. ഉദാഹരണത്തിനു പശുവിനും മേശക്കും 4 കാലുണ്ട്. പക്ഷിക്കും വിമാനത്തിനും ചിറകുണ്ട്. ഇതുപോലെ എന്തിനേയും ബന്ധിപ്പിക്കാൻ കഴിഞ്ഞാലേ ചേർത്തു വക്കാനാകൂ.



അറിയാം
നിറയാം
ഉയരാം

യുറീക്ക-ശാസ്ത്രകേരളം
വിജ്ഞാനോത്സവം

# എൽ.പി

## കൂട
## കളികൾ



# പ്രവർത്തനം 1

ബന്ധിപ്പിച്ച് ചേർത്തു വച്ചാൽ ഒരു പോയിന്റ്. ബന്ധിപ്പിച്ച കാർഡുകൾ കളത്തിൽ നിന്നും മാറ്റി വക്കണം. ബന്ധിപ്പിക്കാൻ കഴിയുന്നില്ലെങ്കിൽ കാർഡ് കളത്തിൽ തുറന്നിരിക്കുന്നു. പുതിയതായി എടുക്കുന്ന കാർഡുകൾ കളത്തിൽ തുറന്നിരിക്കുന്ന ഏത് കാർഡുമായും ബന്ധിപ്പിച്ച് ചേർത്ത് വെക്കാം. കൂടുതൽ സാമ്യം കണ്ടെത്തി ചീട്ടുകൾ ചേർത്തു വക്കുന്നത് ആരെന്ന് നോക്കാം. കളി അവസാനിച്ച് കഴിയുമ്പോൾ നിങ്ങൾ സാമ്യം കണ്ടെത്തിയ കാർഡുകളും നിങ്ങളുടെ ചങ്ങാതി സാമ്യം കണ്ടെത്തിയ കാർഡുകളും രണ്ട് വരിയായി വക്കുക. വരികളിൽ സാമ്യം കണ്ടെത്തിയ കാർഡുകൾ അടുപ്പിച്ച് വക്കുക. എന്നിട്ട് അതിൻറെ ഒരു ഫോട്ടോ എടുത്ത് സൂക്ഷിക്കുക.



അറിയാം
നിറയാം
ഉയരാം

യുറീക്ക-ശാസ്ത്രകേരളം
വിജ്ഞാനോത്സവം